# ഷെവലിയർ ജേക്കബ് തറയിൽ

( P. C. L. )

ബിഷപ്പ് ഡോക്ടർ തോമസ് തറയിൽ തിരുമേനിയുടെ പിതാവാണ് ഇദ്ദേഹം. പ്രസിദ്ധരായിരുന്ന തറയിൽ ബ. യൗസേപ്പച്ചൻ (ലവീഞ്ഞ് മെത്രാനച്ചന്റെ വാക്കുകളിൽ പറഞ്ഞാൽ 'വിശ്വസ്തനും വിവേകിയുമായിരുന്ന – ആലോചനക്കാരൻ' ഇദ്ദേഹം നിര്യാതനായതു 1883 കുംഭത്തിൽ) തറയിൽ തൊമ്മി, പന്നിവേലിൽ കുഞ്ഞാറിയ എന്നിവരുടെ സഹോദരനായിരുന്ന കരുവിളയുടെ ഏക പുത്രനായ സർ ജേക്കബ് കൊല്ലവർഷം 1036–ൽ ജനിച്ചു. വിവാഹം കഴിച്ചതു മാക്കീലായ പ്രാലേൽ മറിയാച്ചിയേയാണ്. 4 ആൺ മക്കൾ ഉൾപ്പെടെ ഏഴ് സന്താനങ്ങൾ ഉണ്ടായിരുന്നു, കൈപ്പുഴയുള്ള പാലത്തുരുത്തു പള്ളിയും പള്ളി മുറിയും സ്കൂളും മറ്റും തന്റെ സ്വന്ത ചിലവിൽ പണികഴിപ്പിച്ചു സമുദായത്തിനു വിട്ടുകൊടുക്കുകയും പ്രസ്തുത ദേവാലയ നടത്തിപ്പിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു. കൂടാതെയും സാമ്പത്തികമായി പല സന്ദർഭങ്ങളിലും പള്ളികളേയും, രൂപതയേയും സഹായിച്ചിട്ടും ഉണ്ട്. കാലം ചെയ്ത ചൂളപ്പറമ്പിൽ പിതാവിന്റെ കാലത്തു മാർപ്പാപ്പാ തിരുമേനിയിൽനിന്നും സ്തുത്യപുരുഷനു 1933–ൽ മാടമ്പിസ്ഥാനം (Knight of St Silvester) ലഭിച്ചു. ഇതിന്റെ ഔദ്യോഗിക സ്വീകരണച്ചടങ്ങ് അന്നത്തെ ചങ്ങനാശേരി, വിജയപുരം, കോട്ടയം എന്നീ രൂപതാദ്ധ്യക്ഷന്മാരുടേയും ഒട്ടനവധി വൈദികരുടേയും നിരവധി പൗരമുഖ്യരുടേയും സാന്നിദ്ധ്യത്തിലാണ് നടന്നത്. പതിവായി ദിവ്യബലിയിൽ സംബന്ധിക്കുന്ന കാര്യത്തിലും നിത്യവും വിശുദ്ധ കുർബാന സ്വീകരിക്കുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു, ഒന്നാംതരം കർഷകനും ഒരു സാമ്പത്തിക വിദഗ്ദ്ധനുമായിരുന്ന മാടമ്പി. 1948 സെപ്റ്റംബർ 11–ാം തീയതി, കാലംചെയ്ത ചൂളപ്പറമ്പിൽ ബിഷപ്പ് അന്നത്തെ കോ-അഡ്ജത്തോർ ബിഷപ്പ് മാർ തോമസ് തറയിൽ എന്നീ തിരുമേനിമാരുടെയും ഒട്ടനവധി വൈദികരുടേയും സാന്നിദ്ധ്യസഹകരണത്തിൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചു കർത്താവിൽ നിദ്രപ്രാപിക്കുകയും പിറേറ ദിവസം മേൽ പറയപ്പെട്ട വൈദിക മേലദ്ധ്യക്ഷന്മാരുടേയും, ചങ്ങനാശേരി, വിജയപുരം എന്നീ തിരുമേനിമാരുടെയും സാന്നിദ്ധ്യത്തിൽ മൃതദേഹം പാലത്തുരുത്തു പള്ളിയിൽ സംസ്കരിക്കുകയുമുണ്ടായി.

# ഷെവലിയർ ജോസഫ് കണ്ടോത്ത്

## സേവന നിരതമായ ഒരു പാവനചരിതം

(Mgr. C. J. Mattathil)

''എല്ലാവർക്കും എല്ലാമായി'' എന്നാൽ ആക്ഷമാർക്കും പ്രത്യേകതയില്ലാതെ, ഏവർക്കും കലവറകൂടാതുള്ള ഉത്തേജനവും, പ്രോത്സാഹനവും, സഹായവും, ആഹ്ലാദവും പകർന്നുകൊടുത്തുകൊണ്ട് 76 സംവത്സരക്കാലം ബഹുവിധ പ്രവർത്തന മണ്ഡലങ്ങളിൽ വിശ്രമരഹിതനായി, സ്വയംപരിത്യജിച്ചുകൊണ്ട് ജീവിക്കുകയും സത്യത്തിനും നീതിക്കും വേണ്ടി പോരാടുകയും ചെയ്ത ഷെവലിയർ വി. ജെ. ജോസഫിന്റെ കൈമുതൽ സേവനനിരതമായ ഒരു പാവന ചരിതമാണ് എന്ന് സൂക്ഷ്മദൃക്കായ അഭിവന്ദ്യ തറയിൽ തിരുമേനി 1969 ജൂലായി 24–ാംനു- പ്രൊഫസ്സർ ജോസഫിന്റെ ശവസംസ്കാരവേളയിൽ നടത്തിയ ചരമപ്രസംഗത്തിൽ വിശേഷിപ്പിക്കുകയുണ്ടായി.

അനിതരസാധാരണമായ ബുദ്ധിവൈഭവം, മനക്കരുത്ത്, ആജ്ഞാശക്തി, പ്രയത്നശീലം, സ്ഥിരോത്സാഹം എന്നിത്യാദി ഗുണവിശേഷങ്ങൾ സ്വായത്തമാക്കി, ഉന്നതതലങ്ങളിൽ ചരിത്രം സൃഷ്ടിച്ച പ്രഗത്ഭമതികളുടെ ജീവിതചരിതം സംക്ഷിപ്തമായി വിരചിക്കുവാൻ എത്രതന്നെ ആത്മാർത്ഥതയോടുകൂടി പരിശ്രമിച്ചാലും അതു തികച്ചും അപൂർണ്ണമായിരിക്കുമെന്നുള്ള ഉത്തമബോദ്ധ്യത്തോടുകൂടിയാണ് ഇതെഴുതുന്നത്.

പ്രയത്നശീലരും, സ്വാതന്ത്ര്യപ്രേമികളും, സമുദായസൗഹാർദ്ദതയിൽ കഴിയുന്നവരും ഉല്ലാസവാന്മാരുമായ ഏതാനും ഭൂഉടമകൾ അധിവസിക്കുന്ന സ്വച്ഛവും സുന്ദരവുമായ ഒരു ചെറിയ ഗ്രാമപ്രദേശമായ വാരപ്പെട്ടിയാണ് ഷെവലിയർ ജോസഫിന്റെ സ്വദേശമെങ്കിലും ചെറുപ്പകാലം കഴിച്ചുകൂട്ടിയതു കൈപ്പുഴ മാതൃഭവനമായ ഒട്ടക്കാട്ടിലാണ്. മാതുലനായ റവ. ഫാദർ ജയിക്കബ് മലയിൽ അവർകളുടെ സംരക്ഷണയിലാണ് പ്രാഥമിക വിദ്യാഭ്യാസവും കോളജ് വിദ്യാഭ്യാസവും നിർവ്വഹിച്ചതു. കൈപ്പുഴയിലും പ്രാന്തപ്രദേശങ്ങളിലുമുള്ള എല്ലാ ജനങ്ങളുമായി അക്കാലത്ത് ഇടപഴകുകയും സഹകരിച്ചു അവരുടെ നന്മക്കുവേണ്ടി പ്രവർത്തിക്കുകയും, അവരി